പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:103 05.03.2018 ൽ മറുപടിയ്ക്ക്

## ഭൂമി വിതരണം

**ചോദ്യം**

ശ്രീ.വി.ആർ. സുനിൽ കുമാർ
ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ.ആർ. രാമചന്ദ്രൻ
ശ്രീ കെ. രാജൻ

**മറുപടി**

ശ്രീ.ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | |
|---|---|---|
| (എ) | സംസ്ഥാനത്തെ ഭൂമിയില്ലാത്ത പാവപ്പെട്ടവർക്ക് ഭൂമി വിതരണം ചെയ്യുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) 1960 ലെ കേരള ഭൂമി പതിവ് നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപം കൊണ്ടിട്ടുള്ള വിവിധ ചട്ടങ്ങളുടെ അടിസ്ഥാനത്തിലും 1963 ലെ കേരള ഭൂപരിഷ്കരണ നിയമത്തിന്റെ അടിസ്ഥാനത്തിലും അതാതു സമയത്തെ സർക്കാർ പ്രഖ്യാപിക്കുന്ന വിവിധ പദ്ധതികളിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും ഭൂമിയില്ലാത്ത പാവപ്പെട്ടവർക്ക് ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | എല്ലാ ജില്ലകളിലും ലാൻഡ് അസൈൻമെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) ഉണ്ട്. |
| (സി) | ലാൻഡ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പുകല്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (സി) ലാൻഡ് ട്രിബ്യൂണലുകളിൽ ഏറ്റവും കൂടുതൽ കേസുകൾ തീർപ്പാക്കാൻ ബാക്കിയുള്ള തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലെ 29 സ്പെഷ്യൽ തഹസിൽദാർമാർക്ക് ജി.ഒ(പി) നമ്പർ 8/2017 തീയതി 17.01.2017 പ്രകാരം ലാൻഡ് ട്രിബ്യൂണലിന്റെ അധിക ചുമതല നൽകിയിട്ടുണ്ട്. ലാൻഡ് ട്രിബ്യൂണലായി നിയമിക്കുന്നവർ 2 വർഷം തഹസിൽദാരായി പരിചയം ഉള്ളവരും കുറഞ്ഞത് 2 വർഷം സർവ്വീസ് കാലാവധി ശേഷിക്കുന്നവരും ആയിരിക്കണമെന്ന് ജി.ഒ(ആർ.റ്റി) നമ്പർ 2371/17 തീയതി 23.05.2017 പ്രകാരം ഉത്തരവ് നൽകുകയും നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | താലൂക്ക് ലാൻഡ് ബോർഡുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) താലൂക്ക് ലാൻഡ് ബോർഡുകളുടെ പ്രവർത്തനം ഊർജ്ജിതമായി തന്നെ നടക്കുന്നുണ്ട്. പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന ലാൻഡ് ബോർഡിന്റെ നേതൃത്വത്തിൽ താലൂക്ക് ലാൻഡ് ബോർഡുകളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച് പരിശോധന നടത്തുകയും ടി പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ / അപാകതകൾ സംബന്ധിച്ച് ജില്ലയിലെ |

| | | |
|---|---|---|
| | | പ്രസക്ത ഉദ്യോഗസ്ഥരെയെല്ലാം പങ്കെടുപ്പിച്ചു കൊണ്ട് ലാൻഡ് ബോർഡിന്റെ അദ്ധ്യക്ഷതയിൽ പതിനാല് ജില്ലകളിലും അവലോകനങ്ങൾ നടത്തിയിട്ടുണ്ട്. വീഡിയോ കോൺഫറൻസ് വഴി ത്രൈമാസ അവലോകനം നടത്തുന്നതിന്റെ സാധ്യത പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ